DESPATCHED
On 04/03/2020

6/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.593(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11184/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ബിനോയ് വർഗീസ്,
കൊച്ചോലിക്കൽ ഹൗസ്,
നെടുമണ്ണി പി.ഒ.,
കോട്ടയം - 686 542.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്,
ചങ്ങനാശ്ശേരി, കോട്ടയം.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28/07/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 05/09/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 07/09/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/11/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/11/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05/02/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബിനോയ് വർഗീസ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി യതൊരു മറുപടിയും നൽകിയില്ല എന്നും അപ്പീൽ അധികാരിയുടെ വിവരമൊന്നും ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചിട്ടില്ല എന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചങ്ങനാശ്ശേരിയുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ., 453/16 നമ്പറായി 6.4.2016-ൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നും സി.പി.(4)3008/16 നമ്പർ പ്രകാരം 21.5.2016-ലെ കത്തു പ്രകാരവും നെടുങ്കുന്നം സൗത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ: 1271, മേൽപ്പടി ബാങ്കിലെ അംഗമായ വർഗീസ് കൊച്ചോലിക്കലിന്റെ വക സർവ്വെ നം. 129/1 സർവ്വെ നമ്പറിൽപ്പെട്ട 50.03 ആർ സ്ഥലം പൊതു

ലേലത്തിലൂടെ 5.2.2007-ൽ മേൽപ്പടി ബാങ്കിന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും 5.7.2007-ൽ മേൽപ്പടി വസ്തു ബാങ്ക് പേരിൽ കൂട്ടി കരമടച്ചു കൈവശാനുഭവത്തിൽ ആക്കുകയും ചെയ്തത് അനുസരിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. 2006-07, 2007-08, 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ മേൽപ്പടി ബാങ്കിന് മേൽപ്പടി സ്ഥലത്തു നിന്നും ലഭിച്ച വരുമാനത്തിന്റെ വിശദവിവരങ്ങൾ നൽകണമെന്നും

ii. വർഗീസ് കൊച്ചോലിക്കൽ മേൽപ്പടി ബാങ്കിന് ഈട് നൽകിയ വസ്തുവിന്റെ വിസ്തീർണ്ണം 32 ആർ 83 ച.മീ. ആയിരിക്കെ കെ.എസ്.സി. ഗ്രൂപ്പ് സെയിൽ ഓഫീസർ പി.കെ.രാജു 37 ആർ 75 ച.മീ. സ്ഥലം മേൽപ്പടി ബാങ്കിനു സെയിൽ ചെയ്യാനുള്ള കാരണങ്ങൾ ലഭ്യമാക്കണമെന്നും

iii. 30.12.2005-ലെ പരസ്യ ലേല പ്രകാരം ബാങ്ക് സെക്രട്ടറി 37 ആർ 75ച.മീ. ബാങ്കിന് വേണ്ടി ലേലത്തിൽ വാങ്ങുകയും പിന്നീട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ സെയിൽ സർട്ടിഫിക്കറ്റിൽ 50.03 ആർ ആക്കി വിസ്തീർണ്ണം തിരുത്തുകയും ചെയ്തതിന്റെ കാരണങ്ങൾ വ്യക്തമാക്കണമെന്നും

iv. ഹർജിക്കാരൻ 29 ആർ 34 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലം മേൽപ്പടി ബാങ്കിന് ഈട് നൽകി എടുത്ത വായ്പ പലിശ സഹിതം അടച്ച് ബാധ്യത തീർത്ത് അക്കൗണ്ട് ക്ലോസ് ചെയ്ത പ്രമാണങ്ങൾ, നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം തിരികെ വാങ്ങിയെങ്കിലും ഹർജിക്കാരന്റെ വക ഉദ്ദേശം 18 ആർ സ്ഥലം കൂടി ബാങ്കിന്റെ പേരിൽ കരമൊടുക്കി കൈവശാനുഭവത്തിൽ ആക്കുന്നതിനുള്ള കാരണം ലഭ്യമാക്കണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 1271 നെടുംകുന്നം സൗത്ത് എസ്.സി.ബി. ക്ലിപ്തം രേഖകളും എതിർകക്ഷി ഓഫീസിൽ ലഭ്യമായ രേഖകളും പരിശോധിച്ചതിൽ ശ്രീ. വർഗീസ് വർഗീസ് 3 പ്രമാണങ്ങളിലായി ഈട് വച്ച വസ്തുവിന്റെ ആകെ വിസ്തീർണ്ണം 73.30 ആർ എന്നു കാണുന്നു എന്നും 16.11.2005-ലെ ലേല പരസ്യത്തിന്റെ ലഭ്യമായ രേഖയുടെ പകർപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നും മേൽപ്പടി ലേല നോട്ടീസ് ശ്രീ. വർഗീസ് വർഗീസിന് നൽകിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ടെന്നും ആയതിന് ഒബ്ജക്ഷൻ ഉന്നയിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും ലേല പരസ്യം ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കാതിരിക്കാനുള്ള കാരണങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല എന്നും മറ്റു പൊതു സ്ഥലങ്ങളിൽ പരസ്യപ്പെടുത്തിയതിന്റെ വിവരം സംബന്ധിച്ച പകർപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നും ഈട് വസ്തുവിന്റെ 3 പ്രമാണങ്ങളിലായുള്ള ആകെ വിസ്തീർണ്ണം 73 ആർ 30 ച.മീ. ആണെങ്കിലും ബാങ്ക് ലേലം കൊണ്ടത് 50 ആർ 03 ച.മീ. എന്നതാണെന്നു രേഖകളിൽ നിന്നും സെയിൽ സർട്ടിഫിക്കറ്റിലും കാണുന്നു എന്നും ഈട് വസ്തുവിനെക്കാൾ കൂടുതലായി സ്ഥലം ലേലം ചെയ്യുന്നതിന് സെയിൽ ഓഫീസർക്ക് അധികാരമില്ല എന്നും 50.03 ആർ വസ്തു സംബന്ധിച്ച് കൺഫർമേഷന്റെ രേഖ ലഭ്യമാണെങ്കിലും ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ഫയലിൽ ഇല്ല എന്നും പല തവണ മാറ്റി വയ്ക്കപ്പെട്ട ലേല നടപടി 30.12.2005-ൽ നടത്തിയപ്പോൾ ബാങ്ക് പ്രതിനിധിയായി സെക്രട്ടറി

പങ്കെടുത്തതായി രേഖയിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും ശ്രീ. വർഗീസ് കൊച്ചോലിക്കൽ ടിയാന്റെ മകന് വസ്തു നൽകിയതിന്റെ വിവരങ്ങൾ മേൽപ്പടി ഓഫീസിൽ ലഭ്യമായിട്ടില്ല എന്നും എലുകകളുടെ വിവരണത്തിൽ ക്ലറിക്കൽ പിശകുകൾ വന്നിട്ടുളളതായി ബാങ്ക് സ്റ്റേറ്റ്മെന്റുകൾ നൽകിയിരുന്നു എന്നും മേൽപ്പടി ഈട് വസ്തുക്കളിൽ നിന്നും ബാങ്കിന്റെ അറിവ് കൂടാതെ വസ്തു കൈമാറ്റങ്ങൾ നടന്നിട്ടുളളതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും എലുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ വിവരങ്ങൾ വ്യക്തമായി രേഖാ പരിശോധനയിൽ ലഭ്യമായിട്ടില്ല എന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 28.7.2016 തീയതിയിലെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും നൽകിയിരുന്നതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങളും രേഖകളും ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്രകാരം തന്നെ ബന്ധപ്പെട്ട ഫയലുകളും രേഖകളും നേരിൽ പരിശോധിച്ച് ആയത് ബോധ്യമാകുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകേണ്ടതാണെന്നും പരിശോധനാസമയം ഹർജിക്കാരൻ ആവശ്യപ്പെടുന്ന രേഖകൾ ടിയാന് സൗജന്യമായി നൽകേണ്ടതാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION